സ്ത്രീപീഡന കേസുകൾ സംബന്ധിച്ച കണക്ക്

151 [754] ശ്രീ. കോവൂർ കുഞ്ഞുമോൻ:

" എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള കണക്കുപ്രകാരം സംസ്ഥാനത്ത് സ്ത്രീപീഡനകേസുകൾ കൂടിവരികയാണോ എന്നത് വ്യക്തമാക്കുന്ന വിധം മുൻവർഷത്തെ കണക്കുകളുമായി താരതമ്യപഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുമോ;

(ബി) വനിതാ കമ്മീഷന്റെ പ്രവർത്തനം കൊണ്ട് സ്ത്രീപീഡനക്കേസുകളിൽ കുറവുവരുത്താൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സ്ത്രീപീഡനക്കേസുകൾ മുൻകാലത്തുള്ളതിലും കുറവാണ്. താരതമ്യപ്പെടുത്തിയതിന്റെ കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) വിവരം ശേഖരിച്ചുവരുന്നു.

സ്ത്രീകൾക്കും കുട്ടികൾക്കും എതിരേയുള്ള പീഡനങ്ങൾ തടയുന്നതിന് നടപടി

152 [755] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീപീഡനക്കേസുകൾ സ്ത്രീധനത്തിന്റെ പേരിലുള്ള പീഡനങ്ങൾ കൊലപാതകങ്ങൾ എന്നിവ വർദ്ധിച്ചുവരുന്നത് സംബന്ധിച്ച് സർക്കാർ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) കുടുംബ കോടതികൾ, വനിതാ കമ്മീഷൻ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും അവയ്ക്ക് കൂടുതൽ അധികാരങ്ങൾ നൽകുവാനും നടപടി സ്വീകരിക്കുമോ;

(സി) സ്ത്രീകൾക്കും കുട്ടികൾക്കും എതിരേയുള്ള പീഡനങ്ങൾ തടയുന്നതിന് സർക്കാർ കൈക്കൊള്ളാൻ പോകുന്ന നടപടികൾ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളുടെ എണ്ണം കുറഞ്ഞുവരുന്നതായാണ് കാണുന്നത്. ഇതുസംബന്ധിച്ച് 2000, 2001, 2002, 2003 (നവംബർ 30) വരെയുള്ള സ്ഥിതിവിവരക്കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly